# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.220** | **10/12/2014-ൽ മറുപടിക്ക്**

## വാർഷിക വരുമാനം രണ്ട് ലക്ഷം രൂപാ വരെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ

**ചോദ്യം**

ശ്രീ.തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
,, സി. എഫ്. തോമസ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് APL - BPL തരംതിരിവ് ഇല്ലാതെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപാവരെയുള്ള കുടുംബങ്ങൾക്ക് RCC യിലും SCT യിലും സൗജന്യ ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രീചിത്രയിൽ 4800/- രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് (എ കാറ്റഗറി) പൂർണ്ണമായും സൗജന്യ ചികിൽസ നൽകുന്നു. താഴെപറയുന്ന വാർഷികവരുമാനമുള്ള വിഭാഗങ്ങൾക്ക് ചികിൽസ ഇളവ് നൽകുന്നുണ്ട്.<br>4801/- മുതൽ 8400/- വരെ - 60% ഇളവ്<br>8401/- മുതൽ 15,600/- വരെ - 30% ഇളവ്<br>15601/- മുതൽ 24,000/- വരെ - 10% ഇളവ്<br>ശ്രീചിത്രയുടെ പേഷ്യൻറ് വെൽഫെയർ ഫണ്ടിൽ നിന്നും അർഹരായ രോഗികൾക്ക് ഒരു മാസം പരമാവധി 26,000/- രൂപയുടെ മരുന്നും (ഒരു രോഗിക്ക് പരമാവധി 500/- രൂപ നിരക്കിൽ) സൗജന്യമായി നൽകുന്നുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ (ST) ഉൾപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള തുകയിൽനിന്ന്, അതിൻെറ നിബന്ധനയ്ക്ക് വിധേയമായി ചികിത്സാ സൗജന്യമോ/ഇളവോ ശ്രീചിത്രയിൽ ലഭിക്കുന്നുണ്ട്.<br>പി.എം ഫണ്ട്, സി.എം. ഫണ്ട്, ഡി.എച്ച്.എസ്. ഫണ്ട് എന്നിവയും ഈ അവസരത്തിൽ പ്രയോജനപ്പെടുത്താറുണ്ട്.<br><br>സംസ്ഥാനത്ത് ക്യാൻസർ ചികിൽസ പൂർണ്ണമായും സൗജന്യമായി നൽകുന്നതിനായി വിഭാവന ചെയ്ത് നടപ്പാക്കിയ ഒരു പദ്ധതിയാണ് "സുകൃതം." എന്നാൽ തുടക്കത്തിൽ ഇത് ബി.പി.എൽ. ലിസ്ററിൽ ഉൾപ്പെട്ടവർക്കും, ആർ.എസ്.ബി.വൈ, ചിസ് പ്ളസ് എന്നി കാർഡുകളുടെ ഉടമകൾക്കു മാത്രമായി നിജപ്പെടുത്തിക്കൊണ്ടാണ് 2014 നവംബർ മാസം ഒന്നാം തീയതി മുതലാണ് കേരള |

| | | | |
|---|---|---|---|
| | | | സർക്കാർ ഈ പദ്ധതി നടപ്പിലാക്കിയത്. ഇതു കൂടാതെ സാംപത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളുടെ ചികിൽസാർത്ഥം താഴെപ്പറയുന്ന സർക്കാർ ക്ഷേമ പദ്ധതികൾ ഇപ്പോൾ തന്നെ ആർ.സി.സി.യിൽ നിലവിലുണ്ട്.<br>കാരുണ്യ ബെനവൊളൻറ് ഫണ്ട്.<br>വാർഷികവരുമാനം 3 ലക്ഷം രൂപ വരെ ഉള്ളവർക്കായി 2 ലക്ഷം രൂപയുടെ ചികിൽസാ സഹായം.<br>ചിസ് പ്ലസ്<br>ആരോഗ്യ സുരക്ഷാ കാർഡിൻെറ ലിസ്ററിലുള്ള ക്യാൻസർ രോഗികൾക്ക് പ്രതിവർഷം 70,000/- (എഴുപതിനായിരം രൂപ) വരെയുള്ള ചികിൽസാ സഹായം.<br>• മെഡിക്കൽ അസിസ്ററൻസ് ടു ദി പൂവർ (Medical Assistance to the poor) കേരള ഗവൺമെൻറിൻെറ ആരോഗ്യ വകുപ്പിൽ നിന്നും 20,000 (ഇരുപതിനായിരം രൂപ) വരെയുള്ള സാംപത്തിക സഹായം.<br>• മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന സാംപത്തിക സഹായം.<br>• രാഷ്ട്രീയ ആരോഗ്യനിധിയിൽ നിന്നുള്ള ധനസഹായം.<br>• ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ.<br>• Endosulphan ബാധിതർക്കുള്ള സൗജന്യ ചികിൽസാ പദ്ധതി.<br>• താലോലം പദ്ധതി- പതിനെട്ടു വയസ്സ് വരെയുള്ള കുട്ടികൾക്ക് ക്യാൻസർ/ ക്യാൻസർ സമാന ചികിൽസക്കായി 50,000 (അൻപതിനായിരം രൂപ) വരെയുള്ള ചികിൽസാ സഹായം.<br>• ക്യാൻസർ സുരക്ഷാ പദ്ധതി- 18 വയസ്സിനു താഴെയുള്ള കേരളീയരായ കുട്ടികൾക്ക് ക്യാൻസർ രോഗം സ്ഥിരീകരിക്കപ്പെട്ടാൽ കുട്ടിയുടെ ചികിൽസ പൂർണ്ണമായും സൗജന്യമായി നൽകുന്നു. |
| (ബി) | വർദ്ധിച്ച വരുന്ന രോഗികളുടെ എണ്ണം പരിഗണിച്ച് ഈ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) | കേന്ദ്ര സർക്കാരിൻെറ ടേർഷ്യറി ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ ആർ.സി.സി.യെ ഒരു സംസ്ഥാന ക്യാൻസർ ഇൻസ്ററിററ്യൂട്ടായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ കേന്ദ്ര സഹായമായി 120 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പുതിയ യന്ത്രസാമഗ്രികളും, അടിസ്ഥാന സൗകര്യവികസനവും വിപുലീകരിക്കുന്നതു വഴി രോഗ നിർണ്ണയം |

| | | | |
|---|---|---|---|
| | | | വേഗത്തിലാക്കുന്നതിനും ചികിൽസാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.<br>സ്ഥല പരിമിതി കണക്കിലെടുത്ത് ഒരു പത്തുനില കെട്ടിടത്തിൻെറ പണി ആർ.സി.സിയിൽ പുരോഗമിച്ചു വരുന്നു. ഇത് പൂർത്തിയാകുന്നതോടു കൂടി കൂടുതൽ രോഗികളെ കിടത്തി ചികിൽസിക്കുകവഴി മെച്ചപ്പെട്ട ചികിൽസാ സൗകര്യം ആർ.സി.സിയിൽ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ